ML 8101

शिक्षा का अधिकार
सर्व शिक्षा अभियान
सब पढ़ें सब बढ़ें

**B-802**

# വാർഷിക മൂല്യനിർണ്ണയം - 2016

## മലയാളം പേപ്പർ - 1
## കേരളപാഠാവലി

**ക്ലാസ് : 8**

**സമയം : 1 1/2 മണിക്കൂർ** **ആകെ സ്കോർ : 40**

**പൊതുനിർദ്ദേശങ്ങൾ**

- *ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.*
- *ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗിക്കേണ്ടതാണ്.*
- *സമാശ്വാസ സമയത്ത് ഉത്തരങ്ങൾ എഴുതുവാൻ പാടുള്ളതല്ല.*
- *നിർദ്ദേശങ്ങൾക്കനുസരിച്ച് ഉത്തരമെഴുതുക.*

**ഉചിതമായ ഉത്തരം എടുത്തെഴുതുക.**

1. 'വെടിവയ്ക്കിലും കൂടികേൾക്കില്ലാ' ഈ പ്രയോഗത്തിൽ കൂടി ആരുടെ വൈകല്യത്തെയാണ് കവി സൂചിപ്പിക്കുന്നത്?
   - പെരുന്തച്ചന്റെ
   - നാനിയുടെ
   - മകന്റെ (1)

2. താഴെ തന്നിരിക്കുന്നതിൽ ഘനവാദ്യത്തിൽ ഉൾപ്പെടുന്നത് ഏത്?
   - ചെണ്ട
   - വീണ
   - ഇലത്താളം (1)

3. 'ഉള്ളം കൈയിൽ സമുദ്രമെടുത്ത് ആചമിച്ച അഗസ്ത്യൻ' എന്ന് ആരെയാണ് ലേഖകൻ വിശേഷിപ്പിച്ചത്?
   - എൻ വി കൃഷ്ണവാരിയർ
   - ജി ശങ്കരക്കുറുപ്പ്
   - വൈലോപ്പിള്ളി (1)

4. 'കവിതയോട്' എന്ന കവിതയിൽ മാണിക്യമാല എന്നു വിശേഷിപ്പിച്ചിരിക്കുന്നത് എന്തിനെയാണ്? (1)

5. **ലഘുവാക്യമെഴുതുക**

   വേനലിൽ പാറകൾ പഴുക്കുകയും വിണ്ടടർന്ന പാടങ്ങൾക്കു മുകളിൽ തീക്കാറ്റുയരുകയും ചെയ്യുമ്പോൾ കേരളത്തിന്റെ കാവുകളിൽ പൂരത്തിന്റെ കൊടിക്കൂറകൾ ഉയരാൻ തുടങ്ങുന്നു. (2)

6. **സമാന താളത്തിലുള്ള വരികൾ എടുത്തെഴുതുക.** (2)

"ഇത്തിരിക്കൊരു സുഖം തോന്നുന്നുണ്ടെനിക്കിന്നെൻ
പൊത്തിലെത്രനാളായ് ഞാൻ ചുരുണ്ടു കിടക്കുന്നു"

1. "സാന്ദീപനീഗൃഹേ പണ്ടു സാഹസാൽ കഴിഞ്ഞതും നാം
സാദരം വേദശാസ്ത്രങ്ങളഭ്യസിച്ചതും "

2. "ലോകമേ തറവാടു തനിക്കീച്ചെടികളും
പുൽകളും പുഴുക്കളും കൂടിത്തൻ കുടുംബക്കാർ "

3. "മരിക്കാൻ കിടക്കുന്നു മുത്തശ്ശി ചുറ്റും നോക്കി
യിരിക്കാൻ തുടങ്ങിയിട്ടേറെയായ് വേണ്ടപ്പെട്ടോർ"

7. **പട്ടിക പൂർത്തീകരിക്കുക.** (4)

| | | |
|---|---|---|
| | ബാഷ്പധാര | എന്തിനു താമസിപ്പതംബികേ, നിന്നുണ്ണിയാ-മെൻമുന്നിലണയുവാ?നെങ്ങു നീ മറഞ്ഞിതോ? |
| പി. കുഞ്ഞിരാമൻ നായർ | | നിളാകല്ലോലങ്ങൾ ആ കാവ്യസുവർണ്ണ കാന്തി മോന്തികുടിക്കുന്നു |
| ജി. ശങ്കരക്കുറുപ്പ് | പെരുന്തച്ചൻ | |
| | ഇനി ഞാനുറങ്ങട്ടെ | "നിനക്ക് അത് കഴിയും. നിനക്ക്! കൗന്തേയനായ കർണ്ണന്! |

8. 'ആശാൻ കിരീടം തൊട്ടു വന്ദിച്ചു, നമസ്ക്കരിച്ചു. എന്തുകൊണ്ടോ കണ്ണു നിറഞ്ഞു.' - ആശാന്റെ കണ്ണു നിറഞ്ഞതിന്റെ കാരണമെന്താവാം? (4)

9. 'ആയിരം മണിയുടെ നാവുപൊത്തീടാമൊറ്റ-
വായിലെ നാവാർക്കാനും കെട്ടുവാൻ കഴിയുമോ'?

ഈ വരികളുടെ ആശയം വിശകലനം ചെയ്ത് സമകാലിക പ്രസക്തി വ്യക്തമാക്കുക. (4)

10. മൂന്നു കാലഘട്ടങ്ങളിലെ യാത്രാനുഭവങ്ങളാണ് 'വഴിയാത്ര' എന്ന പാഠഭാഗത്തുള്ളത്. ഇന്നത്തെ യാത്രകളുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക. (4)

11. ''താളവാദ്യങ്ങളുടെ വലിയൊരു മ്യൂസിയമാണ് കേരളം''. ഇലഞ്ഞിത്തറമേളം എന്ന പാഠത്തെ ആസ്പദമാക്കി കുറിപ്പ് തയ്യാറാക്കുക. (4)

12. ''കളിയരങ്ങെന്നുവച്ചാൽ ദൈവസന്നിധി എന്നേ താനെന്നും കരുതിയിട്ടുള്ളൂ''

- കീർത്തിമുദ്ര

''ആത്മസമർപ്പണമാണ് വിജയത്തിനടിസ്ഥാനം.'' ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഉപന്യാസം തയ്യാറാക്കുക (6)

13. പി.കുഞ്ഞിരാമൻ നായർ അനുസ്മരണ ദിനത്തിൽ അവതരിപ്പിക്കുന്നതിനായി ഒരു പ്രഭാഷണം തയ്യാറാക്കുക. (6)

വിഷയം - ''പി. കുഞ്ഞിരാമൻ നായരും പ്രകൃതിയും''

അല്ലെങ്കിൽ

''മെഴുകുതിരി മൂന്നെണ്ണം എന്നെ രക്ഷിക്കാൻ ആത്മാഹുതി ചെയ്തു. നാലാം മെഴുകുതിരി മരിക്കും മുമ്പ് കരടു പകർത്തി ഇരുട്ടിൽ മുങ്ങിത്തപ്പി മനസ്സിനൊരു മുത്തുമണി കിട്ടി. ആശ്വാസമണി.'' കളിയച്ഛൻ എന്ന കവിത ജനിച്ച മുഹൂർത്തത്തെയാണ് കവി ഇവിടെ ആവിഷ്ക്കരിച്ചിരിക്കുന്നത്. ഈ കവിത ജനിക്കുന്നതിന് മുൻപ് കവി അനുഭവിച്ച ആത്മസംഘർഷം പാഠഭാഗത്ത് എങ്ങനെ പ്രതിഫലിച്ചിരിക്കുന്നു?